ഉത്തരം

(എ) 1999 ഡിസംബർ 1.2.3 എന്നീ തീയതികളിൽ നടന്ന അക്രമസംഭവങ്ങളോടനുബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസുകളുടെ വിവരം താഴെ കൊടുക്കുന്നു.

മാലൂർ പോലീസ് സ്റ്റേഷൻ - 2 കേസുകൾ

മട്ടന്നൂർ പോലീസ് സ്റ്റേഷൻ - 4 കേസുകൾ

ഇരിട്ടി പോലീസ് സ്റ്റേഷൻ - 6 കേസുകൾ

ആറളം പോലീസ് സ്റ്റേഷൻ - 1 കേസുകൾ

പാനൂർ പോലീസ് സ്റ്റേഷൻ - 28 കേസുകൾ

കൂത്തുപറമ്പ് പോലീസ് സ്റ്റേഷൻ- 7 കേസുകൾ

കൊളുവല്ലൂർ പോലീസ് സ്റ്റേഷൻ - 11 കേസുകൾ

(ബി) ഏഴു കൊലപാതകങ്ങൾ നടന്നു. ഏഴു ക്രൈം കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) മൂന്ന് വാഹനങ്ങൾ നശിപ്പിക്കപ്പെട്ടിട്ടുണ്ട്.

കണ്ണൂർ രാഷ്ട്രീയ സംഘട്ടനത്തിൽ മരിച്ചവരുടെ ആശ്രിതർക്ക് ധനസഹായം

62(803)ശ്രീമതി. കെ.ആർ. ഗൗരിയമ്മ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്ത കാലത്ത് കണ്ണൂരിൽ നടന്ന രാഷ്ട്രീയ സംഘട്ടനങ്ങളിൽ എത്രപേർ മരിച്ചു എന്നും ഇവർ ഓരോരുത്തരും ഏത് രാഷ്ട്രീയ പാർട്ടിയിൽപ്പെട്ടവരാണെന്നും വ്യക്തമാക്കുമോ;

(ബി) മരണമടഞ്ഞവരുടെ ആശ്രിതർക്ക് സർക്കാർ ധനസഹായം പ്രഖ്യാപിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ ഓരോ കേസ്സിലും എന്തു തുക വീതമാണ് പ്രഖ്യാപിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) 1999 ജനുവരി മാസത്തിനുശേഷം 17.2.2000 വരെ കണ്ണൂരിൽ നടന്ന രാഷ്ട്രീയ സംഘട്ടനങ്ങളിൽ പത്ത് പേർ മരണമടഞ്ഞിട്ടുണ്ട്. അവരുടെ പേർ രാഷ്ട്രീയ പാർട്ടിയുടെ പേരും ചുവടെ ചേർക്കുന്നു.

1. പാറായി ശശി - ബി.ജെ.പി.
2. ദാസൻ - സി.പി.എം.
3. കെ.റ്റി. ജയകൃഷ്ണൻ - ബി.ജെ.പി.
4. മനോജ് സി.പി. - സി.പി.എം.
5. പ്രകാശൻ - ബി.ജെ.പി.
6. ബാലൻ - ബി.ജെ.പി.
7. കൃഷ്ണൻ നായർ - സി.പി.എം.
8. കനകരാജ് - സി.പി.എം.

LIBRARY ARCHIVES Kerala Legislative Assembly

9. കുഞ്ഞിക്കണ്ണൻ - സി.പി.എം.

10. സജീവൻ - സി.പി.എം.

(ബി) മരണമടഞ്ഞവരുടെ ആശ്രിതർക്ക് സർക്കാർ ധനസഹായം ഒന്നും പ്രഖ്യാപിച്ചിട്ടില്ല.

കൂത്തുപറമ്പ് വെടിവയ്പ്പ് കേസിൽ ഹൈക്കോടതിവിധി

63(804)ശ്രീ. കെ. സുധാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൂത്തുപറമ്പ് വെടിവെപ്പ് സംഭവത്തിൽ പ്രതികളാക്കപ്പെട്ടവർ നൽകിയ ഹർജിയിൽ ഹൈക്കോടതിയുടെ സിംഗിൾ ബഞ്ചിന്റെ വിധി വന്നത് എന്നാണ്;

(ബി) വിധി പകർപ്പ് സർക്കാരിന് ലഭിച്ചത് എന്നാണ്;

(സി) പ്രസ്തുത വിധിയിൻമേലുള്ള അപ്പീൽ ഫയൽ ചെയ്തത് എന്നാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) അപ്പീൽ നൽകുന്നതു സംബന്ധിച്ച് നിയമോപദേശം തേടിയിട്ടുണ്ടോ; ആരുടെയെല്ലാം നിയമോപദേശം ലഭിച്ചിട്ടുണ്ട്; അത് എന്നായിരുന്നു;

(ഇ) ഹൈക്കോടതി സിംഗിൾ ബഞ്ചിന്റെ വിധിയിൽ ആർക്കെങ്കിലും ശിക്ഷ വിധിക്കുകയോ ആരെയെങ്കിലും ശിക്ഷാവിമുക്തരാക്കുകയോ ചെയ്തിട്ടുണ്ടോ;

(എഫ്) ഏതെങ്കിലും തരത്തിലുള്ള പുതിയ അന്വേഷണം നടത്താൻ സിംഗിൾ ബഞ്ച് വിധിയിൽ നിർദ്ദേശിച്ചിട്ടുണ്ടോ;

(ജി) ഉണ്ടെങ്കിൽ ആ നിർദ്ദേശം റദ്ദാക്കികിട്ടാൻ വേണ്ടിയാണോ അപ്പീൽ ഫയൽ ചെയ്തതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 29.11.1999 ന്

(ബി) ഹൈക്കോടതി രജിസ്ട്രർ അയച്ചു തന്ന ഔദ്യോഗിക വിധിപകർപ്പ് 1.1.2000-ലാണ് കിട്ടിയത്.

(സി) 13.12.1999 ന്

(ഡി) കേരള അഡ്വക്കേറ്റ് ജനറൽ 10.12.1999 ന് നിയമോപദേശം നൽകിയിട്ടുണ്ട്.

(ഇ) ഇല്ല.

(എഫ്) ഉണ്ട്.

(ജി) 29.11.1999 ലെ സിംഗിൾ ബഞ്ചിന്റെ വിധിക്കെതിരെയാണ് അപ്പീൽ ഫയൽ ചെയ്തത്.

LIBRARY ARCHIVES Kerala Legislative Assembly